## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 179 08.02.2016-ലെ മറുപടിയ്ക്ക്

### സ്വർണ്ണ വില്പനയിലൂടെ ലഭിക്കുന്ന നികുതി വരുമാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങളെയും അവയിലൂടെ പ്രതിവർഷം നടക്കുന്ന വില്പനയേയും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം 5392 സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അവയിലൂടെ പ്രതിവർഷം 30079.89 കോടി രൂപയുടെ വില്പന നടക്കുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ എത്ര; പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ സ്വർണ്ണവില്പന നടക്കുന്നുണ്ട്; | (ബി) | 2014-15 സാമ്പത്തിക വർഷത്തിലെ കണക്ക് പ്രകാരം 5392 സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ വ്യാപാര സ്ഥാപനങ്ങളുടെ ബ്രാഞ്ച് ആയാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ആയതിനാൽ അതിന്റെ കൃത്യമായ വിവരം ലഭ്യമല്ല. 2014-15 സാമ്പത്തിക വർഷം 30079.89 കോടി രൂപയുടെ സ്വർണ്ണ വില്പന നടന്നിട്ടുണ്ട്. |
| (സി) സ്വർണ്ണ വില്പനയിലൂടെ കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും സർക്കാരിനു ലഭിച്ച നികുതി വരുമാനം എത്ര കോടി വീതമാണ്; | (സി) | സ്വർണ്ണ വില്പനയിലൂടെ കഴിഞ്ഞ 10 വർഷത്തിൽ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു. |

| വർഷം | ലഭിച്ച നികുതി വരുമാനം (തുക കോടിയിൽ) |
|---|---|
| 2005-06 | 21.21 |
| 2006-07 | 97.90 |
| 2007-08 | 120.93 |

| | |
|---|---|
| 2008-09 | 143.51 |
| 2009-10 | 163.04 |
| 2010-11 | 225.40 |
| 2011-12 | 302.20 |
| 2012-13 | 393.54 |
| 2013-14 | 471.53 |
| 2014-15 | 456.76 |

(ഡി) സ്വർണ്ണാഭരണങ്ങളുടെ വില്പന വർദ്ധിച്ചുകൊണ്ടിരിക്കുമ്പോഴും അതിന് അനുസൃതമായി നികുതി വരുമാനം ലഭിക്കാതിരിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) സ്വർണ്ണാഭരണ മേഖലയിൽ നിന്നും ലഭിക്കുന്ന നികുതി വരുമാനത്തിന്റെ 70% കോമ്പൗണ്ടിംഗ് വ്യാപാരികളിൽ നിന്നുമാണ് ലഭ്യമാകുന്നത്. ഈ നികുതി അവർ തലേ വർഷം അടച്ച നികുതിയുടെ ഒരു നിശ്ചിത ശതമാനം വർദ്ധനയുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ വിറ്റുവരിവിന്റെ തോത് കൃത്യമായ അളവിൽ നികുതി പിരിവിൽ പ്രകടനമാകണമെന്നില്ല. നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന കേന്ദ്രങ്ങളിൽ വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്താറുണ്ട്. ഇതിന്റെ ഫലമായി കണക്കിൽപ്പെടാത്ത സ്വർണ്ണാഭരണങ്ങൾ കണ്ടെത്തുകയും പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**